# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1907** — **08.03.2018-ൽ മറുപടിയ്ക്ക്**

**<u>ലോട്ടറിയിൽ നിന്നും മദ്യവില്പനയിൽ നിന്നും ലഭിക്കുന്ന വരുമാനം</u>**

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലോട്ടറിവ്യവസായത്തിൽ നിന്നും, മദ്യവില്പനയിൽ നിന്നും പ്രതിവർഷം ലഭിക്കുന്ന വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ടോ; കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ലോട്ടറി വിൽപ്പനയിലൂടെയും മദ്യവില്പനയിലൂടെയും ലഭിക്കുന്ന വരുമാനത്തിൽ പ്രതിവർഷം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ വിശദാംശം ചുവടെ ചേർക്കുന്നു. |
| (ബി) | ഇവയിൽ നിന്ന് ലഭിക്കുന്ന അധികവരുമാനം നല്ല സൂചനയാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | നാടിന്റെ വികസനത്തിനാവശ്യമായ ധനസമാഹരണത്തിന് ഉപയോഗിക്കുന്നു എന്നതാണ് ലോട്ടറി നടത്താൻ സർക്കാരുകൾക്ക് അനുമതി നൽകുന്നതിന് കാരണം. കേന്ദ്ര ഭാഗ്യക്കുറി നിയമത്തിന്റെ കർശന വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ച്, ഒരു തരത്തിലുള്ള അഡിക്റ്റീവ് പ്രാക്ടീസുകൾ അനുവദിക്കാതെയുമാണ് സംസ്ഥാന ഭാഗ്യക്കുറി നടത്തുന്നത്. മദ്യവർജ്ജനത്തിനായുള്ള ശക്തമായ കാമ്പയിനുകൾ സർക്കാർ നയമാണ്. |

(എ) ഉത്തരത്തിലെ പട്ടിക:

| സാമ്പത്തിക വർഷം | ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിച്ച വരുമാനം (രൂപയിൽ) | മദ്യവില്പനയിലൂടെ ലഭിച്ച വരുമാനം (രൂപയിൽ) |
|---|---|---|
| 2012-13 | 2778.63 കോടി | 7241 കോടി |
| 2013-14 | 3793.72 കോടി | 7575 കോടി |
| 2014-15 | 5445.43 കോടി | 8277 കോടി |
| 2015-16 | 6317.73 കോടി | 9787 കോടി |
| 2016-17 | 7394.91 കോടി | 10353 കോടി |

സെക്ഷൻ ഓഫീസർ